**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1505</u>** **<u>19-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>കോട്ടയം, തൃശ്ശൂർ ജില്ലകളിലെ സർക്കാർ യു.പി.എസ്.എ. തസ്തികയിലെ ഒഴിവുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടയം, തൃശ്ശൂർ ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ യു.പി.എസ്.എ. തസ്തികയിൽ (ഭാഷ അധ്യാപക തസ്തിക ഒഴികെ) നിലവിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ എത്രയാണ്; വ്യക്തമാക്കാമോ; | (എ) | **കോട്ടയം ജില്ലയിൽ രണ്ട് ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്.**<br><br>തൃശ്ശൂർ ജില്ലയിൽ നിലവിൽ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഒഴിവുകളില്ല. |
| (ബി) | നിലവിലുള്ള ഒഴിവുകളിൽ ജനറൽ, ബൈട്രാൻസ്ഫർ, ഇന്റർ ഡിപ്പാർട്മെന്റൽ ട്രാൻസ്ഫർ എന്നിവ തരംതിരിച്ച് വ്യക്തമാക്കാമോ; | (ബി) | **<u>കോട്ടയം ജില്ല</u>**<br><br>പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തത് ഉൾപ്പെടെ ജനറൽ കാറ്റഗറിയിൽ 18 ഉം, ബൈട്രാൻസ്ഫർ കാറ്റഗറിയിൽ 2 ഉം ഒഴിവുകൾ ഉണ്ട്. കൂടാതെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി 3 ഒഴിവുകളും നിലവിലുണ്ട്.<br><br>**<u>തൃശ്ശൂർ ജില്ല</u>**<br><br>പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തത് ഉൾപ്പെടെ ജനറൽ കാറ്റഗറിയിൽ 15 ഉം, ബൈട്രാൻസ്ഫർ കാറ്റഗറിയിൽ 8 ഉം ഒഴിവുകൾ ഉണ്ട്. കൂടാതെ ഇന്റർ ഡിപ്പാർട്ട്മെന്റൽ സ്ഥലംമാറ്റത്തിനായി 1 ഒഴിവും നിലവിലുണ്ട്. |
| (സി) | പ്രസ്തുത ജില്ലകളിൽ സർക്കാർ യു.പി.എസ്.എ. തസ്തികയിൽ നിന്നും 2025 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വിരമിക്കുന്ന അധ്യാപകരുടെ പേരും ഇപ്പോൾ ജോലി നോക്കുന്ന സ്കൂളും വ്യക്തമാക്കാമോ? | (സി) | വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ